# കേരള നിയമസഭ 2017 മേയ് 3 ന് ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

ജമ്മു-കശ്മീരിൽ നിയന്ത്രണരേഖ കടന്നെത്തിയ പാക് സൈനികർ രണ്ടു ഇന്ത്യൻ ജവാന്മാരുടെ തലയറുത്ത വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത്. കരസേനയുടെ 22 സിഖ് ഇൻഫാൻട്രിയിലെ നായിബ് സുബേദാർ പരംജിത് സിങ്ങ്, ബി.എസ്.എഫ് 200-ാം ബറ്റാലിയനിലെ കോൺസ്റ്റബിൾ പ്രേംസാഗർ എന്നിവരാണ് അതിനിഷ്ഠുരമായ ഈ നടപടിക്ക് ഇരയായത്. പാക്കിസ്ഥാൻ സൈന്യത്തിന്റെ മനുഷ്യത്വരഹിതമായ ഈ നടപടിയെ ഈ സഭ ഒന്നടങ്കം ശക്തിയായി അപലപിക്കുന്നു. സൈനികരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ സഭ പങ്കുചേരുന്നു.